(ബി, സി) ഉദിക്കുന്നില്ല. എന്നാൽ ഇത്തരം കേസുകൾ ശ്രദ്ധയിൽ പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ആദിവാസികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

4 [2290] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടികസമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിപ്രകാരം ഇപ്പോൾ നൽകിവരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) വീടൊന്നിന് 70,000 രൂപയാണ് ഗ്രാൻറായി അനുവദിക്കുന്നത്. ദുർഘട പ്രദേശങ്ങളിലാണെങ്കിൽ 5,000 രൂപ കൂടി അധികമായി അനുവദിക്കും.

(ബി, സി) 20-3-2003-ലാണ് ഭവന നിർമ്മാണ ഗ്രാൻറ് വർദ്ധിപ്പിച്ചത്. ഗ്രാൻറ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

5 [2293] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങൾക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതികൾക്കുവേണ്ടി ആകെ ചെലവാക്കിയ തുക എത്രയാണ്;

(സി) നടപ്പിലാക്കിയ യുവജനക്ഷേമ പദ്ധതികളും അവയ്ക്ക് ചെലവാക്കിയ തുകയും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കേരളോൽസവം
2. നാഷണൽ യുവ ഉൽസവ്/നാഷണൽ യൂത്ത് ഫെസ്റ്റിവൽ.

LIBRARY ARCHIVES Kerala Legislative Assembly